പഞ്ചായത്താഫീസറന്മാർ.

* 949. [74] ശ്രീ. പി. കേശവമേനോൻ: തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്താഫീസിലും പഞ്ചായത്താഫീസറന്മാരെ ഇതിനകം നിയമിച്ചു കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിനു കാരണമെന്താണ്;

(സി) പഞ്ചായത്താഫീസറന്മാരെ നിയമിച്ചിട്ടുള്ള പഞ്ചായത്തുകളിലെ ഹരിജനങ്ങൾ കർഷകന്മാരെ പിരിച്ചു വിടാൻ വല്ല നിബന്ധനയും ചെയ്തിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി. (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.

(ബി) ആകെ 548 പഞ്ചായത്താഫീസറന്മാരെയാണ് നിയമിക്കുവാൻ ഉത്തരവായിട്ടുള്ളത്. ഇതിൽ 137 പേർ 45–75 ക. ശ്രേഡിലും 411 പേർ 30–45 ക. ശ്രേഡിലുമാണ്. 45–75 ക. ശ്രേഡിലേയ്ക്കുള്ള 137–ം, 30–45 ക. ശ്രേഡിലേക്കുള്ള 72 തസ്തികകളിലേയ്ക്കും നിയമനം നടത്തിക്കഴിഞ്ഞു. ബാക്കിയുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷകരെ ഇൻറർവ്യൂ നടത്തിക്കൊണ്ടിരിക്കുന്നു.

(സി) ഇല്ല.

STARRED QUESTIONS POSTED FOR ANSWER ON 22nd NOVEMBER 1955.

തൊഴിലില്ലാത്തവർ.

* 950. [23] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 ജനുവരി മാസത്തിൽ സംസ്ഥാനത്തു തൊഴിൽ രജിസ്റ്റർ ചെയ്തവരായിരുന്നു; ഇത് ആകെ ജനസംഖ്യയുടെ എത്ര ശതമാനമാണ്;

(ബി) 1961 ജനുവരിയിൽ ഈ എണ്ണവും, ശതമാനവും എത്രയായിരിക്കും?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഈ സ്ഥിതിവിവരകണക്കുകൾ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് എടുത്തിട്ടില്ല.

(ബി) മേൽപറഞ്ഞ ഉദ്ദേശമനുസരിച്ച് ഈ ചോദ്യം ഉദിക്കുന്നില്ല.

പൊതുമരാമത്തു ചെലവു്.

* 951. [26] ശ്രീ. യു. നിലകണ്ഠൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 1955-56-ൽ പൊതുമരാമത്തു വകുപ്പു് അനുവദിച്ചിട്ടുള്ള തുക എത്ര ;

(ബി) 1955 നവംബർവരെ മൊത്തം ചെലവായ തുക എത്ര ;

(സി) വേണ്ടുവോളം സ്റ്റാഫും ഉപകരണങ്ങളും സപ്ലൈ ചെയ്യുന്നതുകൊണ്ടു് വേണ്ടുവോളം ജോലികൾ നടക്കുന്നില്ലെന്നു സർക്കാർ കരുതുന്നുണ്ടോ ;

(ഡി) കരുതുന്നുണ്ടെങ്കിൽ എന്തു പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടു് ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 6,72,81,000. ക.
(ബി) 94,56,481 ക. 7 ണ. 1 സ.
(സി) ഇല്ല.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

റോഡുകളും പാലങ്ങളും.

* 952. [30] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കുന്നതിനു് വേണ്ടി 1955.56 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റു ചെയ്തിരുന്ന തുക എത്രയെന്നാണു് ;

(ബി) ഈ ഇനത്തിൽ തുക ചെലവാക്കപ്പെട്ട (11-11-1955 വരെ) തുകയെന്താണു് ;

(സി) നെടുമങ്ങാടു താലൂക്കിൽ ഈ ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിക്കപ്പെട്ടു ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണു് ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഷെഡി, കനാൽ എന്നിവ ഉൾപ്പെടെ 2,13,37,000 ക.
(ബി) 50,99,726 ക.
(സി) 24,660 ക.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

റിപ്പോർട്ടർ നിയമനത്തിനുള്ള മത്സരപരീക്ഷ.

* 953. [33] ശ്രീ. ടി. ടി. കേശവൻ മാസ്റ്റർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ലജിസ്ലേച്ചർ സെക്രട്ടറിയറ്റിൽ മലയാളം റിപ്പോർട്ടറെ താഴെ നിയമിക്കുന്നതിനു് പി. എസ്സു്. സി. ഒരു മത്സര പരീക്ഷ നടത്തുകയുണ്ടായോ ;

(ബി) എത്ര അപേക്ഷകർ ഉണ്ടായിരുന്നു ;

(സി) എത്രപേർ പരീക്ഷയിൽ സംബന്ധിച്ചു ;

(ഡി) ആരെങ്കിലും പാസ്സായതായി അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly